# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-2026




**ജി എൽ പി എസ്**

**തളിയാപറമ്പ്**

**ഉളവൈപ്പ് പി ഓ**

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
2. എല്ലാ കുട്ടികൾക്കും മലയാളം,ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക
3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും
6. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ് ആർ ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും
7. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും
8. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
9. മാലിന്യമുക്ത വിദ്യാലയം ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം മലിന ജലനിർമാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ
10. കൃഷി ഔഷധത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥിസംഘങ്ങൾ രൂപീകരിക്കൽ
11. വിദ്യാലയം ഹൈടെക് ആക്കി മാറ്റും
12. രാസ ലഹരി മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# ആമുഖം

## പൊതുവിദ്യാലയങ്ങൾ- മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി,നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് .ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ച് കുട്ടികളുടെ ഭൗതിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം.എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടി ആകുമെന്ന് ഉറപ്പാണ്.

സ്കൂളിന്റെ എല്ലാ പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ജിഎൽപിഎസ് തളിയാപറമ്പ് ,സജീവമായ പിടിഎ എം പി ടി എ അധ്യാപക സംഘം രക്ഷിതാക്കൾ പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു

പിടിഎ പ്രസിഡന്റ്

ഹെഡ്മാസ്റ്റർ

എം പി ടി എ പ്രസിഡന്റ്

# ജി എൽ പി എസ് തളിയാപറമ്പ് ഉളവൈപ്പ് പി ഓ

കടുത്ത ജാതിവ്യവസ്ഥ നിലനിൽക്കുന്ന കാലത്ത് പിന്നോക്കകാരെ കൂടി ഉദ്ദേശിച്ച് തളിയാപറമ്പ് ദേവീക്ഷേത്രത്തിന്റെ കിഴക്കുഭാഗത്ത് ഉണ്ടായിരുന്ന 52 സെൻറ് സ്ഥലത്ത് ചിറയിൽ ശ്രീകൃഷ്ണൻ വൈദ്യർ 1913 സ്ഥാപിച്ച സ്കൂളാണ് ഗവൺമെൻറ് എൽ പി സ്കൂൾ തളിയാപറമ്പ് പാണാവള്ളി വള്ളിവശ്ശേരി കുട്ടി കളരിക്കൽ ശങ്കു വൈദ്യർ തുടങ്ങിയ നാട്ടു പ്രമാണിമാരും സ്കൂൾ സ്ഥാപനത്തിന് മുൻകൈയെടുത്തവരാണ്. സമീപപ്രദേശങ്ങളിൽ ഒന്നും സ്കൂളുകൾ ഇല്ലാതിരുന്ന അക്കാലത്ത് സ്കൂളിൽ ധാരാളം കുട്ടികൾ പഠിച്ചിരുന്നു രണ്ട് ഡിവിഷൻ വീതം അഞ്ച് ക്ലാസുകളിലായി 10 അധ്യാപകരും ഒരു അറബി ടീച്ചറും ഒരു സ്പെഷ്യൽ ടീച്ചറും ഇവിടെ ഉണ്ടായിരുന്നു പ്രമുഖ വ്യവസായി കെഎം പുരുഷൻ ഡോക്ടർബാബു പ്രഭാകരൻ വൈദ്യർ നടരാജൻ വൈദ്യർ തുടങ്ങിയ പാരമ്പര്യ വൈദ്യന്മാർ റിട്ടയേഡ് എസ് ഐ സജീവൻ തുടങ്ങി അനേകം പ്രഗൽഭർ ഈ സ്കൂളിൽ പഠിച്ചവരാണ്

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം 3. മികച്ച ലൈബ്രറി കമ്പ്യൂട്ടർ പഠന സൗകര്യം സ്മാർട്ട് ക്ലാസ്സ് റൂം<br>• ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു<br>• കലാ പഠനം പ്രവർത്തിപരിചയം കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പാഠ്യ പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു | • എല്ലാ ക്ലാസുകളിലും ഹൈടെക് നിലവാരമില്ല എന്നത് ഒരു പരിമിതിയാണ്<br>• അസംബ്ലിനടത്താനുള്ള ഹാൾ ഓപ്പൺ ഓഡിറ്റോറിയം നിലവിലില്ല<br>• ചുറ്റമതലിന് ഉയരംകുറവായതിനാൽ അവധി ദിവസങ്ങളിൽ സ്കൂളിൽ സാമൂഹ്യവിരുദ്ധ ശല്യമുണ്ട്<br>• സ്കൂൾ വാഹന സൗകര്യം ഇല്ലാത്തതും ഒരു പരിമിതിയാണ്<br>• നിലവിൽ 5000 ത്തോളം പുസ്തകങ്ങൾ സ്കൂളിൽ ലൈബ്രറിയിൽ ഉണ്ടെങ്കിലും അവ ആകർഷകമായി പ്രദർശിപ്പിക്കുന്നതിന് സൗകര്യമില്ല<br>• നല്ല ഒരു റീഡിങ് റൂം ആവശ്യമാണ് ആകർഷകമായ പൂന്തോട്ടം<br>• ജൈവവൈവിദ്യ പാർക്ക് ഇവ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു ഇടയ്ക്ക് മന്ദഗതിയിൽ ആയിപ്പോയ സ്കൂൾ കൃഷിയും വിപുലപ്പെടുത്തേണ്ടതുണ്ട്<br>• കായിക പഠനം പാഠ്യപദ്ധതിയിൽ ഉണ്ടെങ്കിലും കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് ആവശ്യമായ കളിസ്ഥലം ഇല്ലെന്നുള്ളത് ഒരുപോരായ്മയാണ്<br>• ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഡൈനിങ് ഹാളും സ്കൂളിന് ആവശ്യമാണ് |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

**1.** എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക

**2.** എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക

**3.** കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക 4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക

5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക

7. മികച്ച വായനാശീലം വളർത്തു

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക 3.സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക

4. സ്വതന്ത്ര എഴുത്തിന് സജരാക്കുക

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ സാധ്യതകൾ പ്രയോജനപ്പെടുത്തുക

6. ക്ലാസ് ,സ്കൂൾ, ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക

7 ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണവർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക

## പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താല്പര്യമുള്ള ശാസ്ത്ര ബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
2. ശാസ്ത്രത്തിന്റെ രീതി സോയത്തമാക്കാനുള്ള അനുഭവം ഒരുക്കുക
3. ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക 5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക 6.ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

## സാമൂഹികവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
4. ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുക
4. ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക

5. ഗണിത ചിന്ത യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

## ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
2. അറിവ് നിർമാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## കലാ പരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക
4. ആധുനികശാസ്ത്ര സാങ്കേതികവിദ്യ കലാ പഠനത്തിൽ പ്രയോജനപ്പെടുത്തുക
5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏതു ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷേമത ഉറപ്പാക്കുക 3.ആരോഗ്യ ശീലങ്ങൾ വളർത്തുക
4. ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഒരുക്കുക
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക ഹരിതാഭം ആക്കുക

## വിലയിരുത്തൽ രേഖപ്പെടുത്തൽ അക്കാദമിക മോണിറ്ററിംഗ്

### അക്കാദമിക് മോണിറ്ററിംഗ് (**Academic Monitoring)**

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം ക്ലാസ് മുറിയിലെ ഇടപെടലുകൾ കുട്ടികളുടെ പങ്കാളിത്തം പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്.പഠനം കേവലം ലക്ഷ്യ ലക്ഷ്യബന്ധമായതല്ല കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതും ആകണം ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതലസ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പഠന പദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്സ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക
- കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ ക്ലാസ് പ്രവർത്തനങ്ങൾ പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക
- വിദ്യാലയതലത്തിലുള്ള കൂട്ടായ്മകളെ (പിടിഎ, എച്ച് എം.,എസ് എം സി, എസ് എസ് കെ) പ്രോത്സാഹിപ്പിക്കുക

### പ്രവർത്തന ഘട്ടങ്ങൾ:

- തീയതി നിശ്ചയിച്ച സന്ദർശനം :

- ഡയറ്റ്,ഡിഇഒ,AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും HELP 2025 ഹാൻഡ് ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും

മോണിറ്ററിംഗ് ഉപാധികൾ :

- **യൂണിറ്റ് വൈസ് മോണിറ്ററിംഗ് ഫോർമാറ്റ്:**: ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ,എന്നിവ.

- **PORTFOLIO EVIDENCE**: കുട്ടികളുടെ പ്രവർത്തനങ്ങൾ ചിത്രങ്ങൾ വിലയിരുത്തൽ രേഖകൾ

- **നോട്ട്ബുക്ക് എൻട്രി ചെക്ക് ലിസ്റ്റ് :** ക്ലാസിലെ റിവ്യൂ ഓൺ ദി സ്പോട്ട് വിലയിരുത്തൽ

- **ഒബ്സർവേഷൻ ടൂൾ:** കൃത്യമായി തയ്യാറാക്കിയ ക്ലാസ്സ് റൂം നിരീക്ഷണ ഫോർമാറ്റ്

**ഉദ്യോഗസ്ഥരുടെ ചുമതലകൾ:**

- **SCERT/DIET ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.**
- **DIET PRINCIPAL : ജില്ലാതല മാർഗ്ഗനിർദ്ദേശം.**
- **DDE, DEO, AEO: സ്കൂൾതല ചിട്ടയും അധ്യാപക പിന്തുണയും**
- **DPC, BPC,: പദ്ധതി നടപ്പാക്കിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും**
- **വിദ്യാകിരണം മിഷൻ കോഡിനേറ്റർ ഡോക്യുമെന്റേഷൻ ഡിജിറ്റൽ രേഖകൾ.**

▪ **പ്രതിവാര അവലോകനം:**

- **സന്ദർശനം കുട്ടികളുടെ പ്രവർത്തനം അധ്യാപകരുടെ ആസൂത്രണം ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്. ▪ ബ്ലോക്ക്/ജില്ലാതല അവലോകനയോഗങ്ങൾ മുഖേന സംവേദനം.**

**വിലയിരുത്തൽ:**

- **HELP 2025 പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക**
- **കുട്ടികളുടെ പ്രതികരണങ്ങൾ പഠന ലഘു ചിത്രങ്ങൾ പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക**
- അധ്യാപകരുടെ ടെക്സ്റ്റ് ബുക്ക് ഡയറികൾ യഥാസമയം എഴുതിവെച്ച ആസൂത്രണങ്ങൾ പരിശോധിക്കുക

---

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രത വിലയിരുത്തൽ (Formative Assessment) എന്നത് പഠനപ്രക്രിയയിൽ ഉൾ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവും ആണ് പഠനത്തിനും അധ്യാപനത്തിനും ഇടയിലെ ദിശ ബോധം നൽകുന്ന വളർച്ച കേന്ദ്രമാണ് ഇത് കുട്ടിയുടെ അറിവ് പ്രക്രിയ ശേഷി പങ്കാളിത്തം ആശയവിനിമയം ആശയദാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ.
KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചയ്ക്കായാണ് വിലയിരുത്തലിന്റെ മുഖ്യ ഭൂമി.

പ്രവർത്തന ലക്ഷ്യങ്ങൾ:

▪കുട്ടിയുടെ പഠന പ്രവർത്തിയിൽ പങ്കാളിത്തം ധാരണ പ്രകടനം **രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക**

▪ തൽസമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക

▪ വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക

▪ അധ്യാപകർക്ക് അവരുടെ പഠന നടപടികൾ വിലയിരുത്താനും മെച്ചപ്പെടുത്താനും സഹായിക്കുക

▪പോർട്ട് ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവന വൈവിധ്യങ്ങൾ ഉൾപ്പെടുത്തുക

പ്രവർത്തന ഘട്ടങ്ങൾ:

▪ പഠനപ്രക്രിയ വിലയിരുത്തൽ:

▪ പ്രവർത്തന പങ്കാളിത്തം:

- പ്രവർത്തനം ഏറ്റെടുത്തു?
- ഗ്രൂപ്പിൽ പ്രവർത്തിച്ചു?
- ആശയങ്ങൾ പങ്കുവെച്ചു?

▪ആശയധാരണ:

- . ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
- .അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?

▪ പ്രക്രിയ ശേഷി വിലയിരുത്തൽ:

- മുൻധാരണകൾ എന്തെല്ലാമായിരുന്നു?
- പുതിയ പ്രക്രിയശേഷികൾ വിജയകരമായി കൈവരിച്ചോ?

▪ പ്രകടനം/ അവതരണം:

- ഗ്രൂപ്പ് പ്രവർത്തനത്തിന് ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
    - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവ്വമായി വിശദീകരിച്ചു?

▪ രേഖപ്പെടുത്തൽ:

- പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നു?
- അതിനുള്ള ആകൃതിയും അതിന്റെ അടക്കം മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
- ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

വിലയിരുത്തൽ മാർഗങ്ങൾ:

▪ നിരീക്ഷണം (Observation ):

- അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ ചെക്ക് ലിസ്റ്റ്.

▪ അഭിമുഖം( ഇന്റർവ്യൂ):

- കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം

▪ റേറ്റിംഗ് സ്കെയിൽ

- പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ ഒന്നു മുതൽ അഞ്ചുവരെ സ്കോർ ചെയ്യുക
-

▪ കേസ് സ്റ്റഡി/സ്കെച്ചുകൾ ഡയറി നോട്ടുകൾ :

- വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക

സ്വയം വിലയിരുത്തൽ ഫോറങ്ങൾ

- കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്

## പോർട്ട്ഫോളിയോ വിലയിരുത്തൽ:

▪ പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാന പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക

▪

ക്ലാസ് പിടിഎ യോഗങ്ങളിൽ പോർഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചു കൊടുക്കുക

▪HELP 2025 ക്ലാസ്സ് ഹാൻഡ് ബുക്കിലെ യൂണിറ്റ് വിലയിരുത്തലുമായി യോജിപ്പിക്കുക.

**KCF 2023** നിർദേശങ്ങൾ അനുസരിച്ച്:

▪ വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം തനിമ പ്രത്യേകതകൾ അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.

▪ ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം

▪ വിലയിരുത്തലിന് കൃത്യതയും സംവേദ്യ തയും ഉണ്ടാകണം

▪ തൽസമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

**HELP 2025** ഹാൻഡ് ബുക്കും സമഗ്ര പുരോഗതി രേഖയും പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ്സ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന  മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

# പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം :1**

**പേര് :പുസ്തകം എന്റെ ചങ്ങാതി**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽകുട്ടികൾക്ക്പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു<br><br>ലഘു വിവരണവും പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം രണ്ടു പുസ്തകം | | |

**പ്രവർത്തനം : 2**

**പേര് :എന്റെ പിറന്നാൾ പുസ്തകം**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ്സിൽ ലൈബ്രറി ലഭ്യമാക്കുന്നു പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :മൂന്ന്**

**പേര് :ഉച്ചഭാഷിണി വായന**

**ഉപമേഖല വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായ വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :4**

**പേര് :അക്ഷരക്കൂട്ടം വായന കോർണർ**

**ഉപ മേഖല :വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു ക്ലാസ് റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :5**

**പേര് :സ്കൂൾ ലൈബ്രറി**

**ഉപമേഖല :വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറിവിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൾ | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ | |

**പ്രവർത്തനം : 6**

**പേര് :ക്ലാസ് തല കൈയെഴുത്തു മാഗസിൻ**

**ഉപമേഖല :ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കൈയെഴുത്തും മാഗസിൻ ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :7**

**പേര് : ക്ലാസ്സ് തല പതിപ്പുകൾ**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസിലെ പതിപ്പുകൾ ഒരുക്കൽ | | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :8**

**പേര് :എന്റെ വായന കുറിപ്പുകൾ**

**ഉപമേഖല :ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസ്സിൽ വായനാ കാർഡ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 9**

**പേര് :രചനോത്സവം**

**ഉപമേഖല :ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 10**

**പേര് :സർഗ്ഗവേള**

**ഉപമേഖല :പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസിൽ വായന കാർഡ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :11**

**പേര് :ആശിയാവധർമ രീതിയുടെ ചരിത്രപാഠങ്ങൾ രൂപീകരിക്കുക**

**ഉപമേഖല :ആശയ ഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയശേഷി കൈവരിക്കൽ | അവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | | |

**പ്രവർത്തനം :12**

**പേര് :പാട്ടരങ്ങ്**

**ഉപമേഖല :ഭാഷാ സമൃദ്ധി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകഥ തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ചു അതിന്റെ അവതരണം സംഘടിപ്പിക്കുന്നു.രാഗ-താളങ്ങളു മായി അനുബന്ധിക്കുന്ന ഭാവങ്ങൾ അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 13**

**പേര് :റീഡേഴ്സ് തിയേറ്റർ**

**ഉപമേഖല :വായന വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാ താൽപര്യവും അഭിനയം വഴി വ്യക്തിത്വ വികസനവും ആണ് പ്രധാന ലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്ന കഥാനായകർ സംഭാഷണ ശൈലി ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :14**

**പേര് :അരങ്ങത്തേക്ക്**

**ഉപമേഖല :അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസ വർദ്ധിപ്പിക്കുക വേദികളിൽ ആശയവിനിമയ മറിയാൻ സഹായിക്കുക | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ കഥകൾ സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവും ഉള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ പ്രാദേശിക ക്ലബ്ബുകൾ | 1000 |

# ഇംഗ്ലീഷ്

**പ്രവർത്തനം :1**

**പേര് :ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല :പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :2**

**പേര് :ഇംഗ്ലീഷ് ഡയറി (മൂന്നോ നാലോ ക്ലാസുകളിൽ)**

**ഉപമേഖല :ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :3**

**പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (മൂന്ന നാല് ക്ലാസുകളിൽ )**

**ഉപമേഖല :ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ ബുള്ളറ്റിൻ ഒരുക്കുന്നു ജൂൺ പരിസ്ഥിതി ജൂലൈ ചന്ദ്രൻ ഓഗസ്റ്റ് സ്വാതന്ത്ര്യ ദിനം സെപ്റ്റംബർ ഓണം ഒക്ടോബർ ഗാന്ധി നവംബർ കേരളം ഡിസംബർ ക്രിസ്തുമസ് ജനുവരി ന്യൂ ഇയർ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

# ഗണിതം

**പ്രവർത്തനം : 1**

**പേര് :ഗണിത ലാബ് ഗണിത മധുരം**

**ഉപമേഖല : ഗണിതകേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൾ | 2025-2026 | SSG | |

**പ്രവർത്തനം :2**

**പേര് :ഗണിത മൂല**

**ഉപമേഖല :ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ മഞ്ചാടി കളിനോട്ട് കാർഡുകൾ തുടങ്ങിയവ | ജൂൺ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര് : യൂണിറ്റ് വിലയിരുത്തൽ**

**ഉപമേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസ് ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 4**

**പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാം കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ ശില്പശാലകൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം :1**

**പേര് :എന്റെ പരീക്ഷണം കുറിപ്പ് തയ്യാറാക്കൽ**

**നാലാം ക്ലാസ്**

**ഉപമേഖല :ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നത് പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറുപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 2**

**പേര് :പരീക്ഷണ കിറ്റ്**

**ഉപമേഖല :നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയശേഷ ശാസ്ത്രപ്രക്രിയശേഷ ികളുടെ വളർച്ചയ്ക്കിണങ്ങും വിധം പ്രവർത്തനങ്ങൾ ഒരുക്കുക | മുഴവൻ കുട്ടികൾക്കും മൂന്നാം നാല് ക്ലാസ് ശാസ്ത്ര പരീക്ഷണങ്ങൾ കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര് :പരീക്ഷണോത്സവം**

**ഉപമേഖല ശാസ്ത്ര :അന്വേഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താല്പര്യവും മനശാസ്ത്രപരമായ ഉത്സാഹവും വളർത്തുക | ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതും ആണ് പരീക്ഷനോത്സവത്തിലൂടെ ലക്ഷ്യം | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

## രാസ ലഹരി മൊബൈൽ എഡിഷൻ

**പ്രവർത്തനം :1**

**പേര് :ലഹരി രാസ ലഹരി മൊബൈൽ അഡിക്ഷൻ**

**ഉപമേഖല :ശാരീരിക മാനസിക ആരോഗ്യ ബോധവൽക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക | ബോധവൽക്കരണ ക്ലാസുകൾ വീഡിയോകളിലൂടെ പ്രഭാഷണം ഉപദേശക സംവാദങ്ങൾ പോസ്റ്റർ നിർമ്മാണം കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി കുട്ടികളിൽ ബോധം വളർത്തുന്ന | അധ്യയന തുടക്കത്തിൽ | ആരോഗ്യ വകുപ്പ് പോലീസ് | |

# സാമൂഹിക അവബോധം

**പ്രവർത്തനം :1**

**പേര് :അതിഥിയെ അറിയൽ**

**ഉപമേഖല :സാമൂഹ്യവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സമ്മാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുടെ അഭിമുഖത്തിന് അവസരമുരുകൻ ചർച്ചകൾ സമ്മാനങ്ങൾ ക്ലാസ് തരത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തി ലും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം :2**

**പേര് :ഫീൽഡ് ട്രിപ്പ്**

**ഉപമേഖല :പൊതുസ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ പോസ്റ്റ് ഓഫീസ് പഞ്ചായത്ത് വില്ലേജ് ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |

# വിവരസാങ്കേതികവിദ്യ

| **പ്രവർത്തനം : 1**<br>**പേര് : വിവരസാങ്കേതികവിദ്യയിൽ പരിശീലനം**<br>**ഉപമേഖല : അധ്യാപക ശാക്തീകരണം** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ | ഓരോ മാസത്തിലും | എസ് ഐ ടി സി | |

| **പ്രവർത്തനം : 2**<br>**പേര് : ഐടി ലാബ്**<br>**ഉപമേഖല :കമ്പ്യൂട്ടർ വിജ്ഞാനം** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | ഐടിഐസിടി പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ ഓഗസ്റ്റ് | എസ് ഐ ടി സി | |

# പ്രവർത്തിപരിചയം

<table>
<tr><td colspan="5">പ്രവർത്തനം :1<br>പേര് :പ്രവർത്തി പരിചയ ശില്പശാല<br>ഉപമേഖല :നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തിക വിശകലനം</td></tr>
<tr><td>നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക</td><td>പ്രവർത്തി പരിചയം ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ</td><td>സെപ്റ്റംബർ</td><td>ക്ലാസ് ടീച്ചർ</td><td></td></tr>
</table>

<table>
<tr><td colspan="5">പ്രവർത്തനം :രണ്ട്<br>പേര് :പേപ്പർ ബാഗ് നിർമ്മാണം<br>ഉപമേഖല :പ്ലാസ്റ്റിക് രഹിത ക്യാമ്പസ്</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തിക വിശകലനം</td></tr>
<tr><td>നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക</td><td>പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക</td><td>ജൂൺ മാർച്ച്</td><td>എസ് എസ് ജി</td><td></td></tr>
</table>

**പ്രവർത്തനം :3**

**പേര് : ഒറിഗാമി**

**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവർത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | |

# സർഗ്ഗ വേദി

| | | | | |
|---|---|---|---|---|
| **പ്രവർത്തനം :1**<br>**പേര് :സർഗ്ഗ വേദി**<br>**ഉപമേഖല :പ്രകടന വേദികൾ** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കലാഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ്ഗ വേദി നടത്തൽ **നേതൃത്വം** വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| **പ്രവർത്തനം :2**<br>**പേര് :ടാലന്റ് ലാബുകൾ** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | ചിത്രരചന ക്രാഫ്റ്റ് വർക്ക് പെയിന്റിങ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | എസ് ആർ ജി | |

**പ്രവർത്തനം : 3**

**പേര് :പ്രകടന വേദികൾ**

**ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ സമൂഹവുമായി പങ്കുവെക്കൽ | ജൂൺ മാർച്ച് | എസ് ആർ ജി ക്ലാസ് ടീച്ചർ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

<table>
<tr><td colspan="5">പ്രവർത്തനം :1<br>പേര് :ഹെൽത്ത് ചെക്കപ്പ്<br>ഉപമേഖല : ആരോഗ്യം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തിക വിശകലനം</td></tr>
<tr><td>എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക</td><td>എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പുവരുത്തുന്നതിനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്കപ്പ്</td><td>ജൂൺ സെപ്റ്റംബർ</td><td>പിടി എ</td><td></td></tr>
</table>

<table>
<tr><td colspan="5">പ്രവർത്തനം :2<br>പേര് :കായിക വിദ്യാഭ്യാസം അധ്യാപക ശില്പശാല<br>ഉപമേഖല :അധ്യാപക ശാക്തീകരണം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തിക വിശകലനം</td></tr>
<tr><td>ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം</td><td>ഫിസിക്കൽ എക്സർസൈസ് ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം</td><td>ജൂൺ മാർച്ച്</td><td>എസ് ആർ ജി</td><td></td></tr>
</table>